
K.4.TECH
Digital Magazine
St. Thomas HSS Malayatoor
2018-2019
ലിറ്റിൽ കൈറ്റ്സ്

# little KITEs













# ഉള്ളടക്കം

1. സന്ദേശം_ജോളി ജോസഫ്(H.M)

2. ആശംസ _ മേരി ഉറുമീസ് ( **കൈറ്റ് മിസ്സ്സ്)**

3.ആശംസ – ഷിജു ആന്റണി(**കൈറ്റ് മാസ്റ്റർ)**

**4.** ആശംസ **-**ബെർളി വർഗീസ് **(H.S.A** കെമിസ്റ്റി**)**

**5.**ആശംസ **-**ജോമി തോമസ് **(H.S.A ENGLISH)**

**6.**ചിത്ര രചന **-**സാബു തോമസ് **(Art Teacher)**

**7.**കവിത-റോമിയോ ബി.പി v A

8.നവകേരളം

9.പ്രസംഗം

10.Report -ജയകൃഷ്ണൻ

# സന്ദേശം

പ്രിയ കുട്ടികളെ

നമ്മുടെ വിദ്യാലയത്തിലെ ഐടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് ൽ പ്രവർത്തിക്കുന്ന കുട്ടികൾ ഈ സ്ഥാപനത്തിലെ അഭിമാനമാണ്. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ ജീവിതം എളുപ്പമാക്കാൻ ഐ ടി യുടെ സഹായം വളരെ വലുതാണ്. ഐടി യുഗത്തിൽ പെട്ട പ്രോഗ്രാമിങ് ആനിമേഷൻ എന്നിവയിലെല്ലാം ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. ഏറ്റവും അവസാനമായി 3D ആനിമേഷൻ സോഫ്റ്റ്‌വെയറായ ബ്ലെൻഡർ ഇലും കുട്ടികൾക്ക് പരിശീലനം കിട്ടി എന്നുള്ളത് ഒത്തിരി സന്തോഷപ്രദമാണ്. ഇനിയും നമ്മുടെ കുട്ടികൾ ഉയരത്തിലേക്ക് എത്തി ചേരട്ടെ എന്ന് ആശംസിക്കുന്നു



ഒത്തിരി സ്നേഹത്തോടെ

HMHEAD MISTRESS

# ആശംസ

***8 | 1 | 2019***

***Thursday***

**സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ അഭിരുചി ഗുണകരമായി പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന ഐടി ഹൈടെക് കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ്'. ഗ്രാഫിക്സ് & ആനിമേഷൻ, സ്ക്രാച്ച്പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ , മലയാളം കമ്പ്യൂട്ടിംഗ്, ഇൻറർനെറ്റും സൈബർ സുരക്ഷയും തുടങ്ങിയ വിവിധ മേഖലകളിൽ കുട്ടികൾ പരിശീലനം നേടിവരുന്നു. സാങ്കേതിക വൈദഗ്ധ്യം ഉപയോഗിച്ച് നല്ലൊരു ഡിജിറ്റൽ മാഗസിൻ 'K-4-TECH' തയ്യാറാക്കാൻ മുൻകൈയെടുത്ത സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ എല്ലാ "ലിറ്റിൽ കൈറ്റ്സിനും" "ഡിജിറ്റൽ സാങ്കേതിക സാഹിത്യ നഭസ്സി"ൽ ഉജ്ജ്വല താരങ്ങളായി പ്രശോഭിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.**



**മേരി ഉറുമീസ്**
**കൈറ്റ് മിസ്ട്രസ്**
**സെന്റ് തോമസ് എച്ച് എസ് എസ്**
**മലയാറ്റൂർ**
**(LK/25038/2018).**

# കുട്ടിപ്പട്ടങ്ങൾ

വിവര സാങ്കേതിക വിദ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും അടക്കിവാഴുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പ്രപഞ്ചത്തിൽ മനുഷ്യന് അജ്ഞാതമായിരുന്ന പല അറിവുകളും വിവര സാങ്കേതിക വിദ്യകൊണ്ട് മനുഷ്യൻ നേടി കഴിഞ്ഞു. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത് ഈ മേഖലയിൽ തന്നെയാണ്. സാങ്കേതികവിദ്യയിലെ നൈപുണ്യം വികസിപ്പിക്കുക എന്ന ആശയത്തി ഭാഗമായാണ് കേരളത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഐ.ടി ഒരു പാഠ്യ വിഷയമായി ഉൾപ്പെടുത്തിയിട്ടുള്ളത്

കേരളത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രകടമായ ഒരു വിപ്ലവത്തിനാണ് നാം ഇപ്പോൾ സാക്ഷ്യം വഹിക്കുന്നത്. പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വർദ്ധിച്ചു വരുന്നതായി നാം ശ്രദ്ധിച്ചു.അതിന്റെ പ്രധാന കാരണം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറക്കുകയും അതിന്റെ ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുകയും ചെയ്യുന്നതോടൊപ്പം എല്ലാ ആളുകളും അധുനീക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദ്യ അഭ്യസിപ്പിക്കുന്ന ഹൈടെക് വിദ്യാലയങ്ങളായി മാറി എന്നതുകൊണ്ടുമാണ്.

കേരളത്തിൽ വിദ്യാഭ്യാസ മേഖലയിലെ ഉയർച്ചക്കുള്ള ഒരു കാൽവയ്പ്പാണ് ഹൈടെക് സ്കൂളുകൾ. ഇത്തരം സ്കൂളുകളിൽ ഐ.ടി സംബന്ധമായ കാര്യങ്ങളിൽ നൈപുണ്യം നേടിയ ഒരുകൂട്ടം വിദ്യാർത്ഥികൾ വളർന്നു വരിക എന്നത് വളരെ പ്രധാനമാണ്. ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് എന്ന ആശയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതും അതു തന്നെയാണ്.2017 ൽ ആരംഭംക്കുറിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധിയുടെ ഭാഗമായി നമ്മുടെ സ്കുളിൽ നിന്നും പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കപെട്ട 32 കുട്ടികളാണ് അംഗത്വം നേടിയത്.

ആനിമേഷൻ,പ്രോഗ്രാമിംഗ്, മൊബൈൽ ആപ്,മലയാളം കംബ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം നൽകിവരുന്നു . ആനിമേഷനിലൂടെ സ്വന്തമായി ഹ്യസ്വചിത്രങ്ങൾ നിർമ്മിക്കാനും,പ്രോഗ്രാമിംഗ്,മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ ഗെയിമുകളും മറ്റും നിർമ്മിക്കാനും നമ്മുടെ കുട്ടികൾ പരിശീലനം നേടികഴിഞ്ഞു.വിദ്യാഭ്യാസത്തിനു ശേഷം ഒരു തൊഴിൽ നേടുന്നതിനുവരെ കുട്ടികളെ ഈ പരിശീലനങ്ങൾ സഹായിക്കും എന്നത് നിസ്സംശയം പറയാം.

മലയാറ്റൂർ സെൻ്റ് തോമസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ആദ്യ ഡിജിറ്റൽ മാഗസിൻ K- 4 -TECH ഈ ഐ.ടി ക്ലബ്ബിന്റെ വലിയ ഒരു നേട്ടമാണ്. നമ്മുടെ സ്കൂളിലെ വിദ്യർത്ഥികളുടേയും അദ്ധ്യാപകരുടേയും സർഗ്ഗാത്മകമായ സൃഷ്ടികൾ വിവര സാങ്കേതിക വിദ്യയിലൂടെ ഡിജിറ്റലായി ഞങ്ങൾ

പ്രസിദ്ധീകരിക്കുകയാണ്.ഈ ക്ലബ്ബിലെ കുട്ടികളാണ് ഈ മാഗസിന്റെ അണിയറ പ്രവർത്തകർ. K-4 -TECH എന്ന ഡിജിറ്റൽ മാഗസിനിലൂടെ നാളെയുടെ വാക്ക്ലാനമായ വിവര സാങ്കേതികവിദ്യയുടെ 'കുട്ടിപ്പട്ടങ്ങളായി'മാറാൻ ഇവർക്ക് സാധിക്കട്ടെഎന്ന് ആശംസിക്കുന്നു

എന്ന്



ഷിജു ആന്റണി

കൈറ്റ് മാസ്റ്റർ

(LK/25038/2018)



# ആശംസ

വിവര സാങ്കേതിക വിദ്യയുടെ അനന്തവിഹായുസ്സിലേക്ക് പറന്നുയരാൻ ശ്രമിക്കുന്ന ലിറ്റിൽ കൈറ്റ്സ്32 അംഗകുട്ടിക്കൂട്ടത്തിനും അതിനു നേതൃത്വം നൽകുന്ന ഷിജുആൻറണിസാറിനും മേരിഉറുമീസ് ടീച്ചറിനും എല്ലാവിധ ആശംസകളുംനേരുന്നു സെന്റ്തോമസ് ഹയർ സെക്കൻഡറി സകൂൾ ഹൈടെക് വിദ്യാലയമായപ്പോൾ ലിറ്റിൽകൈറ്റ്സ്ചെയ്തസേവനങ്ങൾഎടുത്തുപറയേണ്ടതാണ്. കെമിസ്ട്രി ക്ലാസ്സിൽ ലാബിൽ ചെയ്യാൻ സാധിക്കാത്ത പരീക്ഷണങ്ങൾ പ്രോജക്ടുകളുടെ പ്രദർശിപ്പിക്കുന്ന അവസരങ്ങളിൽ ആനിമേഷൻ സഹായങ്ങൾക്ക് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. വെബ് ഡിസൈനിംഗ് ആനിമേഷൻ പ്രോഗ്രാമിങ് വീഡിയോ**documentation** തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകി വിവരസാങ്കേതികരംഗത്ത് പ്രഗൽഭരെ സൃഷ്ടിക്കുന്ന



**ഈ പദ്ധതിയുടെ ഭാഗമാകാൻ നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞതിൽ അഭിമാനിക്കുന്നു ഇനിയും കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് പറക്കാൻ ഈ കുട്ടി കൂട്ടത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു .**


**എന്ന്**

**ബെർലി വർഗീസ്**

**H S T CHEMISTRY**



# *Wishes....*



With immense pleasure I take this opportunity to congratulate the members of the little kites club, the Kite master Mr Shiju Antony & the Kite mistress Smt. Mary Urumese for the Great venture they have taken that of preparing a digital magazine for the School. I hope this will be a great piece of work which brings out the hidden talents among the students.

The present era is of the different technologies which make the world faster. Here comes the importance of this club. They are lucky to get training on different softwares which can help them to make their learning easy.

I wish them a great success in all their future ventures.

JOMI THOMAS
HST( ENGLISH)














സാബു തോമസ്

ART TEACHER

## മായ്ക്കാതെ.... മായാതെ.... മഹാപ്രളയം

കൊടും പ്രളയത്തിൻറെ മഴ പെയ്ത്തുതുടങ്ങിയ 2018 ആഗസ്റ്റ് 15 നമുക്ക്പതിവു ദിനം മാത്രമായിരുന്നു. മണിക്കൂറുകൾ കഴിഞ്ഞപ്പോൾ വിചാരിച്ചതിലും വേഗത്തിൽ വെള്ളം വീടുകളിൽ കയറി. ആ വരവിനെ പരിഭ്രാന്തിയോടെയാണ് പലരും എതിരേറ്റത്.ജീവനായി കരഞ്ഞു വിളിച്ചവർ ഏറെയുണ്ട്. ജീവിതം മുങ്ങി പോകുന്നിടത്ത് ആകെയുള്ള പ്രതീക്ഷ സഹായഹസ്തങ്ങൾ ആയിരുന്നു. ഒരു നിമിഷം പോലും വിശ്രമമില്ലാതെ പ്രവർത്തിച്ച സുമനസ്സുകളിൽ നാം ദൈവദൂതന്മാരെ കണ്ടു. മനുഷ്യൻറെ ചിന്തകളിൽ മനുഷ്യത്വം മാത്രം നിറഞ്ഞു നിൽക്കുന്ന ഒരവസ്ഥ. കാലത്തിനും വെള്ളപ്പൊക്കങ്ങൾക്കും മീതെ നനയാതെ ഉയർത്തിപ്പിടിച്ച കുറെ ഓർമ്മകൾ ബാക്കിയാക്കി മഹാപ്രളയം പിൻവാങ്ങി. നമുക്കും പകരാം സ്നേഹവും...... കരുതലും.......



ലിറ്റിൽ കൈറ്റ്സിന്റെ ഈ ഡിജിറ്റൽ മാഗസിൻ മലയാളത്തിന്റെ തിളക്കമായി കാണുന്നു. ഉള്ളിൽ ഉണ്ടാകട്ടെ മലയാളത്തിന്റെ മാധുര്യം.

ആശംസകളോടെ സീന ടീച്ചർ.



# പ്രസംഗം

മാന്യസദസ്സിന് വന്ദനം.

ബഹുമാനപ്പെട്ട അധ്യാപകരെ, എന്റെ പ്രിയ കൂട്ടുകാരെ,

ഇന്നത്തെ ചിന്താവിഷയം മനുഷ്യനും പ്രകൃതി ദുരന്തങ്ങളും എന്ന വിഷയമാണ്. ദുരന്തങ്ങൾ ഓർക്കാപ്പുറത്താണ് സംഭവിക്കുന്നത്. ജീവിതവും സ്വപ്നങ്ങളും തകർത്തെറിയുന്നു. കുട്ടികളെയാണ് ദുരന്തം കൂടുതൽ ബാധിക്കുന്നത്. പേടിപ്പെടുത്തുന്ന അവസ്ഥയിൽ നിന്നും സാധാരണജീവിതത്തിലേക്ക്തിരികെ വരാൻ സമയം എടുക്കുന്നു. മനുഷ്യനും ഇതര ജീവജാലങ്ങൾക്കും അവരുടെ ചുറ്റുപാടിനും സാരമായ നഷ്ടങ്ങൾ വരുത്തുന്ന രീതിയിൽ പ്രകൃതിക്ക് സംഭവിക്കുന്ന മാറ്റങ്ങളാണ് പ്രകൃതിക്ഷോഭം.

മനുഷ്യന്റെ പ്രവർത്തി മൂലം പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ പ്രകൃതി നമുക്ക് നൽകുന്ന മുന്നറിയിപ്പാണിത്. കുന്നുകളും മലകളും നികത്തിയും തോട് പുഴ കായൽ എന്നിവയുടെ തീരങ്ങൾ കയ്യേറിയും മനുഷ്യന്റെ സ്വാർത്ഥതയ്ക്കുവേണ്ടി പ്രകൃതിയെ ഉപയോഗിക്കുമ്പോൾ മനുഷ്യന്

സങ്കൽപ്പിക്കാനാവാത്ത വിധത്തിൽ പ്രകൃതി ക്ഷോഭിക്കുന്നു ദുരന്തങ്ങളായി.
നമ്മുടെ ശാസ്ത്രത്തിന്റെ വളർച്ചയിൽ ഉണ്ടായ മുന്നേറ്റം പരിസ്ഥിതിക്ക് ആണ് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. കാടുകൾ നാടിന്റെ ശ്വാസകോശങ്ങൾ ആകയാൽ അവയെ പരിരക്ഷിക്കുവാൻ നമുക്ക് കൂട്ടുത്തരവാദിത്വം ഉണ്ട്.
ഭൂമിയുടെ നിലനിൽപ്പിന് പിൻ ആധാരം മനുഷ്യരല്ല.
മനുഷ്യർ ഭൂമിയിൽ ഇല്ലെങ്കിലും കാലങ്ങൾ ഏറെയും ഉണ്ടാകും . എന്നാൽ മനുഷ്യജീവിതത്തിലെ പ്രധാന കാരണം ഭൂമിയാണ്. വരും കാലങ്ങളിൽ നമ്മൾ നേരിടേണ്ട ദുരന്തങ്ങൾ നമുക്കുമുന്നിൽ ഒരു ചോദ്യച്ന മായി നിൽകുമ്പോൾ പ്രകൃതിയെ അടുത്തറിയുവാനും സ്നേഹിക്കാനും നമ്മൾ പഠിക്കണം.
പ്രകൃതിയെ സ്നേഹിക്കുന്നവർ പരിസ്ഥിതിയെ സ്നേഹിക്കണം. പുഴകൾ നദികൾ കടലുകൾ ഇവയിലെല്ലാം നാം മാലിന്യങ്ങൾ തള്ളി പ്രകൃതിയെ വികൃതമാകുമ്പോൾ നാം ഒന്നോർക്കണം .
പ്രകൃതി നമ്മുടെ വരദാനമാണ്. നമുക്ക് കാത്തുസൂക്ഷിക്കാം നാളെക്കായി. ഈ ചിന്താവിഷയം എന്നും നമ്മുടെ മനസ്സിൽ ഉണ്ടാകട്ടെ എന്നു

**പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു നന്ദി നമസ്കാരം.**

**By**

**Dona marya Davis**



# എന്റെ ഗ്രാമം

കാത്തിരിക്കുന്നു ഞാൻ ആ നല്ല നാളിന്റെ
ആഗമനത്തിനായി മൂകനായി
ആശ്രയമില്ലാതെ അങ്കലാപ്പില്ലാതെ
കാത്തിരിക്കുന്നു ഞാൻ ഏകനായി
ഓർക്കുന്നു ഞാൻ ഈ മരുഭൂമിയിൽ നിന്നും
ദൈവ നാടിന്റെ ആ ഗ്രാമഭംഗി.
ഓർക്കാതിരിക്കാൻ കഴിയില്ല എനിക്ക്
വിരഹ ദുഃഖത്തിന്റെ വേദനയിൽ,
മകരമാസത്തിലെ മഞ്ഞിൽ വിരിയുന്ന
പൂക്കളെ കാണാൻ എന്തു ഭംഗി.
കലപില ശബ്ദമായി നിദ്ര ഉണർത്തുന്ന
കിളികളെ കാണുവാൻ എന്തു ഭംഗി.
കുന്നും മലയും ഒരു കൊച്ചുഗ്രാമത്തിൽ
ടാറിട്ട റോഡ് അല്ല വൈദ്യുതിയും ഇല്ല
ഓല യാൽ മോഞ്ഞുള്ള കൂരകളും
നിദ്ര ഉണർന്നു ഞാൻ നേരെ നടന്നല്ലോ
ആ കൊച്ചു പാടവരമ്പിലൂടെ
മകരമാസത്തിലെ മഞ്ഞിൻ കണങ്ങളെ മുത്തുപോൽ
തഴുകിയ പുല്ലിലൂടെ
ഞാറു പറിക്കുന്ന പെണ്ണുങ്ങൾ ഉണ്ടെന്ന്
ഉഴുതു മറിക്കുന്ന ഒരു ആണുങ്ങളും ...**Romyea**

# The son



Once there lived a farmer named Varkey. He had a son. His name is Jeorgy. His mother's name is Neema. Varkey was a poor farmer he worked very hard in the field and taught his son in an English medium school. Neema and varkey loved their son very much.

When he was studying degree he told that he had to go for the higher studies to become a doctor. But they were not having much money.

They were only having a farm and a small house. For their son they borrowed money from finance company. After geting money their son went to London to become a doctor. After a few years he became a doctor. When he got much money he built a hospital of his own in London . One day when his parents asked him money he told that he is not having money. He also warned them to not to ask him money any more. They become very sad. After that his father worked hard in the farm and gave back the money to the finance company.After a few day police came and sealed the hospital for not having leisence.That time he came back to his own place. He understood his mistake. After that incident he lived happily with his parents.

# നവകേരളം




കേരളത്തിൽ ഇപ്പോൾ അതിജീവനമാണ് നടക്കുന്നത്. ജാതി മത വർഗ്ഗ വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടണമെന്നുള്ള അവകാശം കേരളത്തിലുണ്ട്. സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം കേരളത്തിലുണ്ട്. കേരളം ഒരു സുന്ദരമായ നാടാണ്.നമ്മുടെ സംസ്കാരത്തിന്റെ സത്യമായ പാരമ്പര്യത്തെ നാം നിലനിർത്തണം.ഭാരതത്തിൻറെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുണം.

നമ്മുടെ കേരളം വളരട്ടെ .

Angel MaryaShaji

**IX B**



# സാം കേട്ട കഥകൾ



1946 നവംബർ ഒന്നാം തിയതി ആയിരുന്നു കരോൾ അച്ഛന്റെ തിരുപ്പട്ടം ആയിരുന്നു അദ്ദേഹത്തിന് അപ്പോൾ 26 വയസ്സായിരുന്നു പ്രായം. റോമിൽ ഉപരിപഠനം നടത്തിയശേഷം തിരികെ നാട്ടിലെത്തിയ അച്ഛൻ ഒരു ദരിദ്രമായ ഇടവകയിലെ വികാരിയായി നിയമിക്കപ്പെട്ടു. റോസ് മേരി അച്ഛനോട് ചോദിച്ചു അച്ഛാ ഞങ്ങൾക്ക് വിയാനി പുണ്യ വാന്റെ കഥ പറഞ്ഞു തരാമോ. അപ്പോൾ അച്ഛൻ പറഞ്ഞു അതിനെന്താ ഞാൻ പറഞ്ഞുതരാം. വികാരിയാണ് ഇടവകയിലെ പ്രൈമറി സ്കൂളുകളുടെ ചുമതല . കുട്ടികളുമായി കൂട്ടുകൂടാൻ അച്ഛന് ഒരു പ്രത്യേക കഴിവ് തന്നെ ഉണ്ടായിരുന്നു . ആൻമരിയ പറഞ്ഞു അച്ഛാ എന്റെ വീട്ടിൽ ഇന്നലെ രാത്രി കള്ളൻ കയറി. വീട്ടു സാധനങ്ങൾ എല്ലാം മോഷ്ടിച്ചു. ഈ തണുപ്പത്ത് എനിക്കൊന്ന് കിടക്കാൻ ഒരു കിടക്ക കൂടി ഇനി ഇല്ല. ആൻമേരി അമ്മയോട് പറഞ്ഞു അമ്മ വിഷമിക്കാതെ നമുക്ക് വഴിയുണ്ടാക്കാം. പാവങ്ങളോടും വൃദ്ധരോടും വലിയ കാരുണ്യമായിരുന്നു പുതിയ വികാരിയച്ചൻ. വികാരിയച്ചൻ തന്റെ കിടക്ക ആ കള്ളൻ കയറിയ വീട്ടിലേക്ക് കൊടുത്തു ആ അമ്മ പറഞ്ഞു അച്ഛാ അച്ഛനെ കർത്താവ് അനുഗ്രഹിക്കട്ടെ



# അമ്മതവള

അമ്മേ ഞങ്ങൾ ഒരു  എരുമയെ കണ്ടു. തവള കുഞ്ഞുങ്ങൾ അമ്മയോട് പറഞ്ഞു. അമ്മ എരുമയെ കണ്ടിട്ടുണ്ടോ? ഇല്ല മക്കളെ എന്നാൽ ഒന്നു കാണേണ്ടതുതന്നെയാ. അമ്മയേക്കാൾ എത്ര വലുതാണ്.  മക്കളുടെ വാക്ക് അമ്മ തവളക്ക് രസിച്ചില്ല. അത് കള്ളം. എരുമയെകാൾ വലുത് ഞാൻ തന്നെയാണ്, എന്നാണ് അമ്മയുടെ വിചാരം. പക്ഷേ അത് സത്യമല്ല.

അമ്മ തവള തൻറെ വയറു അല്പം വീർപ്പിച്ചു. ഇത്രയും വലിപ്പമുണ്ടോ എരുമയ്ക്ക? ഇതിലും വലിപ്പമുണ്ട്. തവള വയറു കുറച്ചുകൂടി വീർപ്പിച്ചു. ഇത്രയും വരുമോ? ഇതിലും വലുതാണ് എരുമ. എന്നാൽ കാണിച്ചുതരാം, നോക്കിക്കോളൂ. അമ്മതവള സകല ശക്തിയും ഉപയോഗിച്ച് വായു ഉള്ളിലേക്ക് വലിച്ചെടുത്തു. ഒരു ബലൂൺ പോലെ അതിന്റെ വയറു വീർത്തു വിയർത്തു വന്നു. അല്പം കഴിഞ്ഞപോൾ തവളയുടെ വയറു പൊട്ടി. അത് ജീവനറ്റ് നിലത്തുവീണു.

തവളക്ക് തവളയുടെ വലുപ്പം ,എരുമയ്ക്ക് എരുമയുടെയും. അത് പ്രകൃതി നിയമമാണ്. അതിനെ മാറ്റുക സാധ്യമല്ല .BY ഫാത്തിമ VI A

# Report



ആദ്യ ലിറ്റിൽ കൈറ്റ്സ് വൺഡേ ക്ലാസ് എസ് എൻ ഡി പി സ്കൂളിൽ വച്ചാണ് നടന്നത്. അന്നത്തെ ക്ലാസ്സ് ആണ് കൈറ്റ് അംഗങ്ങളുടെ നിലവാരം ഉയർത്തിയത്. ഹോളിഫാമിലി സ്കൂളിലെ ഐടി വിഭാഗം അധ്യാപികയായ സിസ്റ്റർ സോഫി ആണ് അന്ന് ക്ലാസ്സ് നയിച്ചിരുന്നത്. ആനിമേഷൻ പ്രോഗ്രാമിങ് ഉപയോഗിക്കേണ്ടത് എങ്ങനെ എന്നും സിസ്റ്റർ പഠിപ്പിച്ചുതന്നു.ഷിജു സാറും,മേരി ടീച്ചറും കുടി നിരവതി കാര്യങ്ങൾ കുട്ടികൾക്കു വേണ്ടി ചെയ്തു.രണ്ടാമത്തേ ക്ലാസ് സ്മാട്ട് ക്ലാസ് എങ്ങനെ പ്രവർത്തിപ്പിക്കണമെന്ന് ടിച്ചർമാരെയും, ക്ലാസ് ലീഡർമാരെയും,

ലീഡറായ ലിന്റെ ഷാജൻനും,ഏൻജലുമാണ്. അതുകഴിഞ്ഞ് ഓരോ ബുധനാഴ്ചകളിലും വൈകുന്നേരം മൂന്നരമുതൽ നാലര വരെ ഒരുമണിക്കൂർ ലിറ്റിൽ കൈറ്റ്സ് ഉണ്ടായിരുന്നു. പിന്നീട് ഒരുദിവസം ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ നെ കുറിച്ച് പഠിപ്പിക്കാനായി സിസ്റ്റർ സേഫി ആണ് നേതൃത്വം നൽകിയത്. അതുകഴിഞ്ഞ് ആനിമേഷൻ,

പ്രോഗ്രാമിംഗ് എന്ന രണ്ടു വിഭാഗത്തിലേക്കും മത്സര പരീക്ഷയിലൂടെ എട്ടുപേരെ തിരഞ്ഞെടുത്തു. അവരെ 2 ദിവസങ്ങൾ ആയിട്ടാണ് കൊണ്ടുപോയത് . ഗാന്ധി ജയന്തി യോടനുബന്ധിച്ച് സ്കൂളിലെ എല്ലാ കേഡറ്റുകളും ചേർന്ന് സെൻതോമസ് സ്കൂൾ മുതൽ ചാക്കു കെട്ടി കവല വരെ വൃത്തിയാക്കി . പിന്നീട് അസംബ്ലിയിൽ വെച്ച് കൈറ്റ് അംഗങ്ങൾക്ക് ഐഡി കാർഡുകൾ ഹെഡ്മിസ്ട്രസ് വിതരണം ചെയ്തു . തുടർന്ന് ഹെഡ്മിസ്ട്രസ് ലിറ്റിൽ കയറിനെ പറ്റിയും അതിൻറെ മേന്മകളെ പറ്റിയും അസംബ്ലിയിൽ പറഞ്ഞു . കുറച്ച്ൾക്കു ആഴ്ചക ശേഷം ഷിജു സാറ മേരി ടീച്ചറും ഡിജിറ്റൽ മാഗസിനെ പറ്റി കൈറ്റ് അംഗങ്ങളോട് പറഞ്ഞു. അതുകഴിഞ്ഞ് മാഗസിൻ ചെയ്യാനായി രണ്ടു വിഭാഗങ്ങളെ തിരഞ്ഞെടുത്തു .രണ്ടു വിഭാഗമായി തിരിച്ചു ഒരു വിഭാഗം ടൈപ്പ് റൈറ്റിംഗിനും മറ്റൊരു വിഭാഗം ക്ലാസുകളിൽനിന്ന് റൈറ്റ് അപ്പുകൾ വാങ്ങാനും കൂടി പത്തു പേരെ തിരഞ്ഞെടുത്തു, അതിനുശേഷം എല്ലാവരുംകൂടി ഡിജിറ്റൽ മാഗസിൻ ഒരു വൻവിജയമാക്കി തീർത്തു ഈ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു എന്ന്

ജയകൃഷ്ണൻ

IX c

അനശ്വര ബോബി






EDWIN Joy


ANTO A.T
IXC
by Anto Tomy


MERLIN MARIA BINU


MEENAKSHI SHIJU VIIB




by: Jaimon Jaison
V C

ലിറ്റിൽ കൈറ്റ്സ്

# നന്ദി

